**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **11-09-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിലെ തോട്ടട ഇ.എസ്.ഐ.ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റിന്റെ തസ്തിക ഇല്ലാത്തതിനാൽ ഫാർമസിസ്റ്റിന്റെ സ്ഥിരം തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | **തോട്ടട ഇ.എസ്.ഐ ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റിന്റെ ഒരു സ്ഥിരം തസ്തികയും കൂടാതെ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു താൽക്കാലിക തസ്തികയുമുണ്ട്. സ്ഥിരം തസ്തികയിൽ ജീവനക്കാരൻ ജോലി ചെയ്തു വരുന്നുണ്ട്.** |
| (ബി) | താത്കാലികമായി ഫാർമസിസ്റ്റിനെ നിയമിക്കുമ്പോൾ ആറ് മാസത്തേക്ക് മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന നിയമം ഉണ്ടോ; ഫാർമസിസ്റ്റിനെ നിയമിക്കുമ്പോൾ കുറഞ്ഞത് ഒരു വർഷത്തേയ്ക്കെങ്കിലും നിയമനം നൽകിയാൽ മാത്രമേ ഇതിനുവേണ്ടിയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുകയുള്ളൂ എന്നതിനാൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | **താത്കാലിക തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം എന്ന കണക്കിൽ മാത്രമേ താത്കാലിക ജീവനക്കാരെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ